ഭരണഭാഷ -മാതൃഭാഷ

നം.ക്യൂ.ഐ.പി.(2)/36939/13

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി: 4.10.2013

## സർക്കുലർ

വിഷയം: നിരന്തര മൂല്യനിർണ്ണയം - അദ്ധ്യാപകതല പരിശീലനം - സംബന്ധിച്ച്

സൂചന: ഈ ആഫീസിലെ 13.06.2013 ലെ ഇതേ നമ്പർ സർക്കുലർ.

............

സ്കൂളുകളിലെ പഠനരീതിയും നിരന്തര മൂല്യനിർണ്ണവും ശക്തിപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്കായുള്ള പരിശീലന പദ്ധതിയുടെ ഹൈസ്ക്കൂൾതല അദ്ധ്യാപകതല പരിശീലനം ആദ്യഘട്ടം നടന്നു കഴിഞ്ഞു. ബാക്കി ഉള്ളവർക്കായി രണ്ടാം ഘട്ട പരിശീലനം 17.10.2013 ന് ആരംഭിക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപനവും, കൂട്ടായ്മയും, പിൻതുണയും ഈ പരിശീലനപരിപാടിയിൽ അനിവാര്യമാണ്.

പരിശീലനത്തിന് സജ്ജമാക്കിയിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരെ ഉപയോഗിച്ച് പരിശീലന പരിപാടി ഫലപ്രദമായി നടക്കുന്നുവെന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാവിദ്യാഭ്യാസ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാഭ്യാസ ജില്ലാതലത്തിൽ പരിശീലനകേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

വിഷയാടിസ്ഥാനത്തിൽ ഹൈസ്ക്കൂൾ അദ്ധ്യാപകർക്ക് രണ്ട് ദിവസത്തെ പരിശീലനമാണ് നൽകേണ്ടത്. ഓരോ ബാച്ചിലും 40 അദ്ധ്യപകർ വീതം ഉണ്ടായിരിക്കണം. പരിശീലനത്തിനായി അതാത് ജില്ലയിലെ ബി. ആർ.സി.കൾ തിരഞ്ഞെടുക്കേണ്ടതാണ്.

പരിശീലനത്തിനായി ആർ.എം.എസ്.എ. യുടെ 2013 -14 ലെ ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

എല്ലാ വിഭാഗം ഹൈസ്ക്കൂൾതല അദ്ധ്യാപകർക്കും (സ്പെഷ്യൽ ടീച്ചേഴ്സ് ഉൾപ്പെടെ) ഈ പരിശീലനം നൽകേണ്ടതാണ്.

പരിശീലനം മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാന/ജില്ലാതലങ്ങളിൽ പ്രത്യേക സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

പരിശീലനത്തിന്റെ സമയദൈർഘ്യം രാവിലെ 9.30 മുതൽ 4 മണിവരെയാണ്. പരിശീലനത്തിനായി തെരെഞ്ഞെടുത്തു കൊണ്ടുള്ള ഉത്തരവ് അദ്ധ്യാപകർക്കും റിസോഴ്സ് അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുൻകൂട്ടി അദ്ധ്യാപകർക്ക് നൽകേണ്ടതാണ്.

അദ്ധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്കും റിസോഴ്സ് അദ്ധ്യാപകർക്കും മുൻവർഷം നൽകിയിരുന്ന നിരക്കിൽ മെസ് അലവൻസ്, റെമ്യൂണറേഷൻ എന്നിവ നൽകേണ്ടതാണ്.

പരിശീലന പരിപാടിയുടെ നടത്തിപ്പ്, റെമ്യൂണറേഷൻ, മെസ് അലവൻസ് വിതരണം, ഡ്യൂട്ടി സർട്ടിഫിക്കറ്റ് വിതരണം, രജിസ്ട്രേഷൻ എന്നിവയുടെ ഉത്തരവാദിത്വം ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കായിരിക്കും. പരിശീലനത്തിനാവശ്യമായ ഫണ്ട് ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് ലഭ്യമാക്കുന്നതിന് ആർ.എം.എസ്.എ. നടപടി സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസ ജില്ലയുടെ ആകെ അദ്ധ്യാപകരുടെ എണ്ണം, പരിശീലനം ലഭിച്ചവരുടെ എണ്ണം ഇനിയും പരിശീലനം ലഭിക്കേണ്ടുന്ന അദ്ധ്യാപകരുടെ എണ്ണം, പരിശീലന കേന്ദ്രങ്ങളുടെ പേരുവിവരം, പരിശീലനം നടത്താൻ ഉദ്ദേശിക്കുന്ന തീയതി, പരിശീലന നടത്തിപ്പിനാവശ്യമായ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തിരമായി വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതും ആവശ്യമായ ഫണ്ടിനായി ആർ.എം.എസ്.എ. ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

ജില്ലകളിൽ പരിശീലന പരിപാടി കൃത്യമായി നടക്കുന്നുണ്ടോ എന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉറപ്പാക്കേണ്ടതും പരിശീലന പരിപാടി മോണിറ്റർ ചെയ്യേണ്ടതുമാണ്.

ഹൈസ്കൂൾതല അദ്ധ്യാപക പരിശീലനം 31.10.2013 ന് മുൻപ് പൂർത്തീകരിയ്ക്കത്തക്ക വിധം പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

പരിശീലന പരിപടിയിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് യാത്രാബത്ത ഉണ്ടായിരിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
3. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ.,തിരുവനന്തപുരം
4. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ. തിരുവനന്തപുരം
5. കരുതൽ ഫയൽ

കെ.എസ്/5.10.13